# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5509 06.07.2012 - ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റി-കമ്പ്യൂട്ടർവല്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉബൈദുള്ള | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ കേന്ദ്രീകൃത ബില്ലിംഗും കളക്ഷൻ സമ്പ്രദായവും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഒരു വൈഡ് ഏരിയാ നെറ്റ് വർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) കേരള ജല അതോറിറ്റിയുടെ എല്ലാ ഓഫീസുകളും തമ്മിൽ കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന വൈഡ് ഏരിയാ നെറ്റ് വർക്കിംഗ് പ്രവൃത്തിയ്ക്ക് 25.02.2009-ൽ എച്ച്സിഎൽ ഇൻഫോസിസ്റ്റത്തിന് വർക്ക് ഓർഡർ നൽകി. പദ്ധതി പുരോഗമിക്കുന്നതോട് കൂടി കേരള വാട്ടർ അതോറിറ്റിയുടെ 176 ഓഫീസുകൾ നെറ്റ്വർക്ക് വഴി ബന്ധപ്പെടുത്തുവാൻ കഴിയുന്നതാണ്. ഈ പണികൾ ഇപ്പോൾ പൂർത്തിയായി. പ്രസ്തുത പ്രവൃത്തിയുടെ ഗുണ നിലവാര പരിശോധന നടന്നു വരുന്നു. സെർവറുകളും, കമ്പ്യൂട്ടറുകളും, ഡാറ്റാബെയ്സും കൂടി വാങ്ങി സ്ഥാപിക്കേണ്ടതുണ്ട്. അവയുടെ ഇൻസ്റ്റലേഷൻ കഴിഞ്ഞാൽ കേന്ദ്രീകൃത ബില്ലിംഗും കളക്ഷൻ സമ്പ്രദായവും ഉൾപ്പെടെയുള്ള ആപ്ലിക്കേഷനുകൾക്ക് ഉപയോഗിക്കാവുന്നതാണ്. സെർവറുകളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പൊതുജനങ്ങളുടെ പരാതികൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് "കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റം" സ്ഥാപിക്കുമോ; | (ബി) നിലവിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളേയും ബന്ധിപ്പിക്കുന്ന നെറ്റ്വർക്ക് സമ്പ്രദായത്തിലൂടെ കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റം പ്രവർത്തിക്കു |

ന്നുണ്ട്. വൈഡ് ഏരിയാ നെറ്റ് വർക്കിംഗ് പണി പൂർത്തിയായി കഴിഞ്ഞാൽ കേരള ജല അതോറിറ്റിയുടെ എല്ലാ പ്രധാന ഓഫീസുകളിലും കംപ്ലയിന്റ് റിഡ്രസ്സൽ സിസ്റ്റം ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

| | | | |
|---|---|---|---|
| (സി) | വിവിധ പദ്ധതികളുടെ അവലോകനം നടത്തുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ? | (സി) | പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം വികസിപ്പിക്കുന്നതിനായി ടാറ്റാ കൺസൾട്ടൻസി സർവ്വീസിന് കരാർ നൽകുകയും ഈ ആപ്ലിക്കേഷന്റെ വികസനം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഫൈനൽ അക്സപ്റ്റൻസ് നൽകി അത് പ്രാവർത്തികമാക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ